**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1057** **06-10-2021 - ൽ മറുപടിയ്ക്ക്**

**പാറശാല പനച്ചമൂട് ഫിഷ് മാർക്കറ്റ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ സഹായത്തോടെ തീരദേശ വികസന കോർപറേഷൻ മുഖേന നടപ്പിലാക്കുന്ന പനച്ചമൂട് ഫിഷ് മാർക്കറ്റ് നവീകരണപ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; | (എ) | പാറശ്ശാല നിയോജകമണ്ഡലത്തിൽ പനച്ചമൂട് മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 462.82834 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി 25/09/2020 ൽ ടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പിലാക്കുന്നതിനായി കരാറുകാരനുമായി കരാറിലേർപ്പെടുകയും ചെയ്തു. ഗ്രാമപഞ്ചായത്തിൽ നിന്നും പദ്ധതി നിർവ്വഹണത്തിനനുയോജ്യമായ സ്ഥലം കൈമാssIamറുന്നതിലുണ്ടായ കാലതാമസം കാരണം കരാറുകാരനുമായുള്ള Firm period കഴിഞ്ഞതിനാൽ കരാറുകാരൻറെ അപേക്ഷ പ്രകാരം ടിയാളുമായുള്ള കരാർ റദ്ദാക്കിയിട്ടുണ്ട്. വെള്ളറട ഗ്രാമപഞ്ചായത്തിൻറെ LSGD അസിസ്റ്റൻറ് എഞ്ചിനിയറുടെ വാല്യുവേഷൻ പ്രകാരം കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് ലേല നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുള്ളതായും ടി സ്ഥലത്തുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ഫോറസ്റ്റിൽ നിന്നുള്ള വാല്യുവേഷൻ നാളിതുവരെ ലഭ്യമായിട്ടില്ലായെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കിഫ്ബിയുടെ കത്ത് പ്രകാരം എല്ലാ മാർക്കറ്റുകൾക്കും നൽകുന്ന ധനസഹായം അതിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൻറെ ഒരു ഭാഗം തിരിച്ചടയ്ക്കണമെന്ന് ആയതിനാൽ കിഫ്ബിയുമായി LSGD, LSGI റവന്യൂ ഷെയറിംഗ് എഗ്രിമെൻറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ അതാത് പ്രവൃത്തികളുടെ കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചു നീക്കുകയും മരങ്ങൾ മുറിച്ച് മാറ്റുകയും ചെയ്ത ശേഷം കിഫ്ബിയുമായി ഘടഏള, ഘടഏക റവന്യൂ ഷെയറിംഗ് എഗ്രിമെൻറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ ടി പ്രവൃത്തിയുടെ കരാർ നടപടികളുമായി മുന്നോട്ടുപോകുവാൻ കഴിയുകയുള്ളൂ. ഉടഞ 2018 റേറ്റ് റിവിഷൻ നിലവിൽ |

| | | | |
|---|---|---|---|
| | | | വന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന നടപടികൾ കിഫ്ബിയുമായി ചേർന്ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്കായി മുൻപ് തയ്യാറാക്കിയ മാസ്റ്റർപ്ലാനിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിൽ നിന്നും കിഫ്ബി അംഗീകാരത്തിനായി നൽകിയിട്ടുള്ള മാസ്റ്റർ പ്ലാനിൽ മാറ്റം വരുത്തിയിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിക്ക് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; പദ്ധതി എന്ന് പൂർത്തിയാകും; വിശദാംശം അറിയിക്കാമോ; | (സി) | പനച്ചമൂട് മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 462.82834 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിരുന്നു. പദ്ധതി ആരംഭിച്ചു കഴിഞ്ഞാൽ പരമാവധി ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുന്നതാണ്. |
| (ഡി) | പദ്ധതി നടത്തിപ്പിലെ കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ